**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 460** **24-08-2022 - ല്‍ മറുപടിയ്ക്ക്**

**കിഫ്‌ബി അംഗീകരിച്ച പദ്ധതികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പ്രവര്‍ത്തനം ആരംഭിച്ചത് മുതല്‍ നാളിതുവരെ അംഗീകരിച്ച പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അതിനായി ചെലവഴിച്ച തുകയും വിശദമാക്കാമോ; | (എ) | കിഫ്‌ബി പ്രവര്‍ത്തനം ആരംഭിച്ചതു മുതല്‍ നാളിതുവരെ അംഗീകരിച്ച പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധം-1 ആയി ചേര്‍ക്കുന്നു. പ്രസ്തുത പദ്ധതികള്‍ക്കായി നാളിതുവരെ 21260 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. |
| (ബി) | അംഗീകാരം നല്‍കി രണ്ടുവര്‍ഷം കഴിഞ്ഞിട്ടും ആരംഭിക്കാത്ത പദ്ധതികള്‍ എത്രയെന്നും അവ തുടങ്ങാത്തതിന് കാരണം എന്താണെന്നും വെളിപ്പെടുത്തുമോ; | (ബി) | 255 പദ്ധതികളാണ് അംഗീകാരം നല്‍കി 2 വര്‍ഷം കഴിഞ്ഞിട്ടും ഇനിയും ആരംഭിക്കാനുള്ളത്. സ്ഥലമേറ്റെടുപ്പ്, കോവിഡിനു ശേഷമുണ്ടായ തൊഴിലാളി ക്ഷാമം, സാധന സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം, അവശ്യമായ ക്ളിയറന്‍സുകള്‍ ലഭിക്കുന്നതിലെ കാലതാമസം, അംഗീകാരം ലഭിച്ച പഴയ എസ്റ്റിമേറ്റുകള്‍ DSR2018 പ്രകാരം പുതുക്കി അംഗീകാരം ലഭ്യമാക്കല്‍, ടെണ്ടറിന് മതിയായ ബിഡ് ലഭിക്കാത്തത്, ടെണ്ടര്‍ എക്സസ്സ് എന്നിവയാണ് ഈ പദ്ധതികള്‍ തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതിന് കാരണമായി ബന്ധപ്പെട്ട ഭരണവകുപ്പുകള്‍/എസ്.പി.വി. കള്‍ എന്നിവരില്‍ നിന്നും അറിയാന്‍ കഴിയുന്നത്. |
| (സി) | നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും പൂര്‍ത്തിയാക്കാന്‍ കഴിയാത്ത പദ്ധതികള്‍ എത്രയെന്നും അവ പൂര്‍ത്തികരിക്കുന്നതിനുള്ള തടസ്സമെന്തെന്നും വിശദമാക്കാമോ; | (സി) | 547 പദ്ധതികളാണ് അംഗീകാരം നല്‍കി നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ഇനിയും പൂര്‍ത്തീയാക്കുവാനുള്ളത്. സ്ഥലമേറ്റെടുപ്പ്, കോവിഡ്-19 സമയത്തെ ലോക്ക്ഡൗണ്‍ മൂലം പ്രവര്‍ത്തികള്‍ തുടരുവാന്‍ സാധിക്കാഞ്ഞത്, അതിന് ശേഷമുണ്ടായ തൊഴിലാളി ക്ഷാമം, സാധന സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം, അതു മൂലം പ്രവര്‍ത്തി തുടരുവാന്‍ കാരാറുകാര്‍ക്കുള്ള വിമുഖത, അംഗീകാരം ലഭിച്ച പഴയ എസ്റ്റിമേറ്റുകള്‍ DSR2018 പ്രകാരം പുതുക്കി അംഗീകാരം ലഭ്യമാക്കല്‍, ടെണ്ടറിന് മതിയായ ബിഡ് ലഭിക്കാത്തത്, ടെണ്ടര്‍ എക്സസ്സ് എന്നിവയൊക്കെയാണ് ഈ പദ്ധതികള്‍ നിശ്ചിത |

| | | | |
|---|---|---|---|
| | | | സമയ പരിധി കഴിഞ്ഞിട്ടും പൂർത്തീകരിക്കുന്നതിൽ തടസ്സമായിട്ടുള്ളത് എന്ന് ബന്ധപ്പെട്ട ഭരണവകുപ്പുകൾ/എസ്.പി.വി. കൾ എന്നിവരിൽ നിന്നും അറിയാൻ കഴിയുന്നത്. എന്നിരുന്നാലും ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രവൃത്തി തുടങ്ങി കഴിഞ്ഞശേഷം കരാറുകാരൻ ഉപേക്ഷിച്ചുപോയ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. കോവിഡ്-19 സമയത്തെ ലോക്ക്ഡൗൺ മൂലം പ്രവർത്തികൾ തുടരുവാൻ സാധിക്കാത്തത്, അതിന് ശേഷമുണ്ടായ തൊഴിലാളി ക്ഷാമം, സാധന സാമഗ്രികളുടെ അനിയന്ത്രിയതമായ വിലക്കയറ്റം, അവശ്യമായ ക്ളിയറൻസുകൾ ലഭിക്കുന്നതിലെ കാലതാമസം എന്നിവയാണ് പ്രധാന കാരണങ്ങൾ എന്ന് ബന്ധപ്പെട്ട ഭരണവകുപ്പുകൾ/എസ്.പി.വി. കൾ എന്നിവരിൽ നിന്നും അറിയാൻ കഴിയുന്നത്. |
| (ഇ) | ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് മുതൽ അന്തിമ ബിൽ നൽകുന്നത് വരെയുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്നും പദ്ധതി നടത്തിപ്പിൽ കിഫ്ബിയുടെ ഭാഗത്തുനിന്നും എന്തെല്ലാം ഇടപെടലുകൾ നടത്തുന്നുണ്ടെന്നും അത് പ്രവൃത്തിയെ ബാധിക്കാറുണ്ടോയെന്നും വെളിപ്പെടുത്തുമോ; | (ഇ) | ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകി എസ്.പി.വി യെ നിർണ്ണയിച്ച് ബന്ധപ്പെട്ട ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ച ശേഷം ടി എസ്.പി.വി പദ്ധതിയുടെ വിശദമായ റിപ്പോർട്ട് കിഫ്ബി മാനദണ്ഡപ്രകാരം കിഫ്ബിയുടെ പി.എഫ്.എം.എസ്സ് പോർട്ടലിൽ സമർപ്പിക്കണം. സമർപ്പിച്ച ഈ റിപ്പോർട്ട്, കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം പരിശോധിക്കുകയും, ടി റിപ്പോർട്ടിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചു നൽകുവാനായി എസ്.പി.വിയ്ക്ക് ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. ആയതിന് എസ്.പി.വി നൽകുന്ന മറുപടി പരിശോധിച്ച് തൃപ്തികരമെങ്കിൽ പ്രസ്തുത പദ്ധതിയ്ക്ക് ഒരു വിശദമായ അവലോകനക്കുറിപ്പ് തയ്യാറാക്കുകയും അത് കിഫ്ബിയുടെ എക്സിക്യൂട്ടീവ് / ജനറൽ ബോഡി യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. എക്സിക്യൂട്ടീവ് / ജനറൽ ബോഡി അംഗീകാരം ലഭ്യമായ പദ്ധതികൾക്ക് തുടർനടപടികൾക്കായി കിഫ്ബിയുടെ സാമ്പത്തികാനുമതി ഉത്തരവ് നൽകുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.പി.വിയ്ക്ക് അവരുടെ ടെക്നിക്കൽ സാങ്ക്ഷൻ കമ്മറ്റിയുടെ അനുമതിയോട് കൂടി പദ്ധതിയുടെ സാങ്കേതികാനുമതി പുറപ്പെടുവിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതി കരാർ നൽകാവുന്നതാണ്. ടെണ്ടർ, കരാർ രേഖകൾ പ്രസ്തുത എസ്.പി.വികൾ പി.എഫ്.എം.എസ്സ് പോർട്ടൽ വഴി കിഫ്ബിക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇവ കിഫ്ബി പരിശോധിച്ച് പോർട്ടലിൽ അംഗീകൃത |

| | | | |
|---|---|---|---|
| | | | രേഖകളായി ചേർക്കുന്നു. കിഫ്ബി ഒരു ഫണ്ടിംഗ് ഏജൻസിയായതിനാലും, പദ്ധതിയ്ക്ക് ആവശ്യമായ പണം വായ്പയായി വിവിധ ഏജൻസികളിൽ നിന്നും സ്വീകരിക്കുന്നതിനാലും ഒരു പദ്ധതിയ്ക്ക് ഏത് സമയത്താണ് പണം ആവശ്യമായി വരികയെന്ന് മുൻകൂട്ടി നിർണ്ണയിക്കേണ്ടത് അനിവാര്യമായതിനാൽ പ്രസ്തുത പ്രവർത്തികളുടെ പേയ്മെന്റ് മൈൽസ്റ്റോണുകൾ നിശ്ചയിച്ചിട്ടുള്ള ഡബ്ല്യൂ.ബി.എസ്സുകൾ (വർക്ക് ബ്രേക്ക്ഡൗൺ ഷെഡ്യൂൾ) കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതായുണ്ട്. ഇങ്ങനെ സമർപ്പിക്കുന്ന ഡബ്ല്യൂ.ബി.എസ്സുകൾക്ക് അംഗീകാരം നേടിയ ശേഷം പ്രവർത്തിയുടെ ആദ്യ പാർട്ട് ബില്ല് ആദ്യ പേയ്മെന്റ് മൈൽസ്റ്റോൺ എത്തിയാൽ സമർപ്പിക്കാവുന്നതാണ്. ബില്ലുകൾ എസ്.പി.വി പരിശോധിച്ച് അംഗീകാരം നൽകി തുക അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് ഇറക്കിയ ശേഷം പ്രോജക്ടിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും അത് റിലീസ് ചെയ്യുന്നതിനുള്ള ശുപാർശ അനുബന്ധ രേഖകൾ സഹിതമാണ് കിഫ്ബി പോർട്ടലിൽ സമർപ്പിക്കേണ്ടത്. ടി ശുപാർശകളും രേഖകളും പരിശോധിച്ച് തൃപ്തികരമെങ്കിൽ കിഫ്ബി ഫണ്ട് റിലീസ് ചെയ്യുന്നതാണ്. തുടർന്നുള്ള ബില്ലുകളും അന്തിമ ബില്ലും ഇപ്രകാരം തന്നെ പേയ്മെന്റ് മൈൽസ്റ്റോണുകൾ ആവുന്ന മുറയ്ക്ക് തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച ശേഷം തുക റിലീസ് ചെയ്യുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കാവുന്നതാണ്. |
| (എഫ്) | കിഫ്ബി എസ്. പി. വി. കൾക്കായി പി. എം. സി. യെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് പി. എം. സി. കളെ നിയമിച്ചിരിക്കുന്നതെന്നും പി. എം. സി. ക്കു നൽകുന്ന ഫീസ് എന്തു മാനദണ്ഡത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്നും ഫീസ് എത്രയാണെന്നും അറിയിക്കുമോ; പ്രസ്തുത ഫീസ് ഇനത്തിൽ നാളിതുവരെ എത്ര തുക നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എഫ്) | ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കിഫ് ബോർഡിന്റെ 40-ാ മത് യോഗത്തിന്റെ തീരുമാനപ്രകാരം കിഫ്ബി പദ്ധതികളിൽ എസ്.പി.വി കൾക്ക് സാങ്കേതിക സഹായം ആവശ്യമുള്ള പക്ഷം പിഎംസിയുടെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. അതനുസരിച്ച്, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ലിമിറ്റഡ് ടെൻഡർ നടപടികളിലൂടെയും, കേരള സർക്കാർ ഉത്തരവുപ്രകാരമുള്ള അഗീകൃത ഏജൻസികളിൽ നിന്നും ആണ് പിഎംസി ഏജൻസികളെ തിരഞ്ഞെടുത്തത്. 26.08.2022 തീയതിയിലെ ഉത്തരവ് നം. എഫ്.എ 6/2810/2020/കിഫ്ബി പ്രകാരമാണ് പി.എം.സി കൾക്കുള്ള ഫീസ് നിശ്ചയിച്ചിരിക്കുന്നത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. പിഎംസി ഫീസ് ഇനത്തിൽ ഇതുവരെ നൽകിയ തുക ഗതാഗത പദ്ധതികൾക്ക് 16.06 കോടി രൂപയും, കെട്ടിട |

| | | | |
|---|---|---|---|
| | | | നിർമ്മാണ പദ്ധതികൾക്ക് 0.50 കോടി രൂപയുമാണ്. |
| (ജി) | നിലവിൽ കിഫ്ബിയുടെ പ്രവൃത്തികൾ ചെയ്യുന്ന എസ്. പി. വി. കൾ ഏതെല്ലാമാണെന്നും ഇവയിൽ ഏതെല്ലാം എസ്. പി. വി. കളാണ് കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതെന്നും അറിയിക്കാമോ? | (ജി) | നിലവിൽ കിഫ്ബിയുടെ പദ്ധതികൾ ഏറ്റെടുത്തു നടത്തിവരുന്ന എസ്.പി.വികളുടെ വിശദാംശം അനുബന്ധം-3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ